"ഭരണഭാഷ-മാതൃഭാഷ"

നം.14120/എസി6എഡി3/08/സി.ആർ.ഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ-പി.ഒ., തിരുവനന്തപുരം
തീയതി: 14.12.2021

## ക്വട്ടേഷൻ

തിരുവനന്തപുരം, നന്തൻകോട് ജംഗഷനിൽ ഗ്രാമവികസന കമ്മീഷണറേറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഓഫീസുകളിലുമായി ഏതാണ്ട് എഴുന്നോറോളം ജീവനക്കാർ ജോലി ചെയ്തു വരുന്ന സ്വരാജ് ഭവനിൽ, ഭക്ഷണശാലക്കായി പ്രത്യേകം നീക്കിവച്ചിരിക്കുന്ന 1300 സ്ക്വയർ ഫീറ്റ് സ്ഥലത്തു ചുവടെ കാണുന്ന നിബന്ധനകൾക്ക് വിധേയമായി ഭക്ഷണ ശാലഏറ്റെടുത്തു നടത്തുന്നതിന് യോഗ്യരായ സ്ഥാപനങ്ങളിൽ നിന്നും/സംരംഭകരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

1. ഭക്ഷണശാല നടത്തി പരിചയമുള്ളവരിൽ നിന്നും മാത്രമാണ് ക്വട്ടേഷൻ സ്വീകരിക്കുന്നത്. പ്രഭാത ഭക്ഷണം, ലഘുഭക്ഷണം, ഉച്ചഭക്ഷണം, പാഴ്സൽ എന്നിവ നൽകേണ്ടതാണ്. ഇപ്രകാരം നൽകുവാൻ കഴിയുന്ന ഭക്ഷണത്തിന്റെ ഇനവും, വിലയും അളവും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ലഭിക്കുന്ന ക്വട്ടേഷനുകളിൽ നിന്നും ഗുണമേന്മയുടെയും വിലയുടെയും അടിസ്ഥാനത്തിൽ അന്തിമമായ തീരുമാനം കൊള്ളുന്നതിനുമുള്ള പൂർണ്ണമായ അധികാരം ഗ്രാമവികസന കമ്മീഷണറിൽ നിക്ഷിപ്തമായിക്കും.

3. ഭക്ഷണശാലയുടെ നടത്തിപ്പ് ചുമതല ലഭിക്കുന്നവർ ആയത് സംബന്ധിച്ച് സ്വരാജ് ഭവനിലെ ക്യാന്റീൻ കമ്മിറ്റിയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതും കരാർ തീയതി മുതൽ ഒരു വർഷത്തേക്കുമാത്രം പ്രവർത്തനാനുമതി നൽകുന്നതും പ്രവർത്തനത്തിന്റെ മികവിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചു നൽകുന്നതുമാണ്.

4. കരാർ കാലാവധിക്കു മുമ്പു ഏതു സമയവും പ്രസ്തുത കരാർ റദ്ദു ചെയ്യുന്നതിനും മറ്റു സംരഭകരെ ഏൽപ്പിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം സ്വരാജ് ഭവനിലെ ക്യാന്റീൻ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

5. ഭക്ഷണശാലയ്ക്കു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വൈദ്യുതി, വെള്ളം, വാഷ് ബെയ്സൻ, പാത്രം കഴുകുന്നതിനുള്ള സിങ്ക്, 40 പ്ലാസ്റ്റിക് കസേര, 11 പ്ലാസ്റ്റിക് മേശ, 4 സ്റ്റീൽ മേശ, ലൈറ്റുകൾ, ഫാനുകൾ എന്നിവ പ്രസ്തുത സ്ഥലത്ത് ലഭ്യമാക്കുന്നതാണ്.

6. ഭക്ഷണശാലയുടെ നടത്തിപ്പു ചുമതല ലഭിക്കുന്നവർ 25,000/- രൂപ (രൂപ ഇരുപത്തിയയ്യായിരം മാത്രം) കരുതൽ തുകയായി നൽകേണ്ടതും, പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ ഭക്ഷണശാലയ്ക്കു ഏതെങ്കിലും തരത്തിലുള്ള നാശമോ നഷ്ടമോ സംഭവിച്ചാൽ ആയതു ടി കരുതൽ തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും അല്ലാത്ത പക്ഷം മുഴുവൻ തുകയും മടക്കി നൽകുന്നതാണ്.

7. ഭക്ഷണശാലയും പരിസരവും എപ്പോഴും ശുചിയായി സൂക്ഷിക്കേണ്ടതാണ്. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുമാത്രമേ ഭക്ഷണശാല പ്രവർത്തിക്കുവാൻ പാടുള്ളു.

8 രാവിലെ 8.30 **മണി മുതൽ** വൈകുന്നേരം 6.00 **മണി വരെ തുറന്നു** പ്രവർത്തിക്കേണ്ടതാണ്. **അടിയന്തിര** സാഹചര്യങ്ങളിൽ **മുൻകൂർ അനുമതിയോ**ടെ മാത്രമേ ഭക്ഷണ ശാല പ്രവർത്തിക്കുവാൻ പാടുള്ളു.

9. ഭക്ഷണ പാചകത്തിനായി ശുദ്ധമായ വെളിച്ചെണ്ണ മാത്രമേ ഉപയോഗിക്കാവൂ

10. ഭക്ഷണ പാചകത്തിനായി മിൽമ പാൽ മാത്രമേ ഉപയോഗിക്കാവൂ.

ടി നിബന്ധനകൾക്കു വിധേയമായി സീൽ ചെയ്ത ക്വട്ടേഷനുകൾ 22.12.2021 വൈകുന്നേരം 2 മണിയ്ക്കു മുമ്പായി നൽകേണ്ടതും 3.30 മണിക്കു കവറുകൾ തുറക്കുന്നതും കമ്മിറ്റിയുടെ പരിശോധനയ്ക്കു വിധേയമായി അന്തിമ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

എല്ലാ പ്രവർത്തി സമയത്തും ഭക്ഷണശാലക്കായി നീക്കിയിരിക്കുന്ന സ്ഥലം സന്ദർശിക്കാവുന്നതാണ്.

1. ക്വട്ടേഷൻ സമർപ്പിക്കേണ്ട ഓഫീസ് :

ജൂനിയർ സൂപ്രണ്ട്
(എസി & എഡി സെക്ഷൻ)
ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്ദൻകോട്

2. തീയതി : 22..12.2021 വൈകുന്നേരം 2 മണി.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

<u>പകർപ്പ്:-</u>

1. നോട്ടീസ് ബോർഡ്, സ്വരാജ് ഭവൻ.
2. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ (ആമുഖ കത്ത് സഹിതം)
3. ജില്ലാ കളക്ടർ, കളക്ടറേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

വി.ആർ